ഖുത്ബ നമ്പർ
15
13-04-2012

بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# സഹാബാക്കളുടെ ക്ഷമാശീലം

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. സ്ഥിരചിത്തത യില്ലെങ്കിൽ ബൈഅത്തും അപൂർണ്ണമാണ്. മനുഷ്യൻ അല്ലാഹുവിലേക്ക് ചരിക്കുമ്പോൾ വഴിയിൽ വിവിധങ്ങളായ പ്രയാസങ്ങളെയും കൊടുങ്കാറ്റുകളെയും തരണം ചെയ്യേണ്ടതായി വരുന്നു. ഇതിലൂടെ കടന്നു പോകാത്തിടത്തോളം അവന് ലക്ഷ്യസ്ഥാനത്ത് എത്തിചേരാൻ സാധ്യമല്ല.

പറയുന്നു: സമാധാന കാലഘട്ടത്തിൽ സ്ഥിരചിത്തതയുടെ വില മനസ്സിലാകില്ല. കാരണം സമാധാനത്തിന്റെയും സൗഖ്യത്തിന്റെയും കാലത്ത് എല്ലാവരും സന്തോഷവാന്മാരായിരിക്കും. സുഹൃത്തായിത്തീരാൻ തയ്യാറായിരിക്കും. സ്ഥിരചിത്തൻ എന്നു പറയുന്നത് സകല പ്രയാസങ്ങളും സഹിക്കുന്നവനേയാണ്.

സ്ഥിരചിത്തത എങ്ങിനെ ലഭിക്കും എന്നതിനെക്കുറിച്ച് ഉപദേശിച്ചുകൊണ്ട് പറയുന്നു: സ്വലാത്ത് ചെല്ലുക എന്നത് സ്ഥിരചിത്തത ലഭിക്കുവാനുള്ള ഉത്തമ മാർഗമാണ്. അത് കൂടുതലായി ചെയ്യുക. എന്നാൽ ഒരു ആചാരം എന്ന നിലക്കല്ല. മറിച്ച് റസൂലുല്ലാഹി (സ) തിരുമേനിയുടെ അനുഗ്രഹങ്ങളും സേവനങ്ങളും മുന്നിൽ വെച്ചുകൊണ്ട് തിരുനബിയുടെ സ്ഥാനപദവി ഉയർത്തുന്നതിനു വേണ്ടിയും തിരുനബിയുടെ വിജയങ്ങൾക്ക് വേണ്ടിയും ഇത് ചൊല്ലുക. ഇത് മുഖേന ദുആ സ്വീകാര്യതയുടെ മധുരമനോഹരമായ രുചിയുള്ള ഫലം നിങ്ങൾക്ക് ലഭിക്കുന്നതാണ്.

തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് മറ്റൊരവസരത്തിൽ പറയുകയുണ്ടായി:- ഹൃദയത്തിന്റെ സ്ഥിരചിത്തതക്കായി കൂടുതൽ ഇസ്തി ഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക.

ഇപ്പോൾ ഞാൻ ഹ:മസീഹ് മൗഊദ്(അ)ന്റെ സഹാബാക്കളുടെ ചില രിവായത്തുകൾ കേൾപ്പിക്കുന്നതാണ്. ഇതിൽ അവരുടെ ക്ഷമയും സഹനവും എങ്ങിനെയായിരുന്നു എന്ന് വ്യക്തമാകുന്നതാണ്. അതേപോലെ അല്ലാഹു ഏതുരീതിയിലുള്ള സ്നേഹപ്രകടനമാണ് അവരോട് നടത്തിയിരുന്നത് എന്നും മനസ്സിലാകുന്നതാണ്. അവരുടെ ദുആകൾ ഏതെ ല്ലാം രീതിയിൽ സ്വീകരിക്കപ്പെട്ടിരുന്നു എന്നും മനസ്സിലാകുന്നതാണ്.

ഹദ്റത്ത് നൂർമുഹമ്മദ് സാഹിബ് രിവായത്ത് ചെയ്യുന്നു. 1906 ജനുവരി 7-ന് ഞാൻ കുടുംബസമേതം ബലൂചിസ്ഥാനിലേക്ക് പോയി. അവിടെ എത്തിയപ്പോൾ അഹ്ലെ ഹദീസ്കാരനായ എന്റെ ഉസ്താദ് എന്നെ വിളിപ്പിച്ചു. (ഞാൻ ഖാദിയാനിൽ പോയി ബൈഅത്ത് ചെയ്ത് വന്നതായിരുന്നു) എന്നോട് പറഞ്ഞു: മിർസാ സാഹിബ് പുസ്തകങ്ങളിലെല്ലാം വളരെ നല്ലതുതന്നെയാണ് എഴുതുന്നത്. എന്നാൽ ജനങ്ങളെ ഉപദേശിക്കുന്നത് മറ്റൊന്നാണ്. (എഴുതുന്നത് ഒന്നും തന്റെ ശിഷ്യന്മാരോട് പറഞ്ഞു കൊടുക്കുന്നത് മറ്റൊന്നും.) ഞാൻ ഹദ്റത്ത് അഖ്ദസിന്റെ അടു ത്ത് ഇതു സംബന്ധമായി ഒരു കത്തെഴുതി. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് മുഖേന അതിനുള്ള മറുപടി ഹുസൂർ ഇപ്രകാരം അയച്ചു.

നമ്മുടെ ഉപദേശം ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കണം എന്നതാണ്. നബി(സ)യുടെ വാക്കിലും പ്രവർത്തിയിലും കൂട്ടുകയും കുറക്കുകയും ചെയ്യുന്നവർ ശപിക്കപ്പെട്ടവനാണ്.

ഈ മറുപടി മൗലവി സാഹിബിനെ കാണിച്ചപ്പോൾ അദ്ദേഹം മറ്റൊന്നും പറയാതെ നിനക്കും ഇൽഹാം ലഭിക്കുന്നുണ്ടോ എന്നുമാത്രം ചോദിച്ചു.എന്നെ പരിഹസിക്കാൻ തുടങ്ങി. അപ്പോൾ ഞാൻ പറഞ്ഞു: അതെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പത്രത്തിൽ എഴുതിയിരുന്നു: എന്നെക്കുറിച്ച് ജനങ്ങൾക്ക് അല്ലാഹുവിനോട് ചോദിക്കേണ്ടിയിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ ദുആ ചെയ്തു. അപ്പോൾ എനിക്ക് ഇൽഹാം ഉണ്ടായി. സത്യവാനാണ്; സ്വീകരിക്കുക.

ഈ സംഭവത്തിനുശേഷം ഞാൻ എവിടെ പോയാലും അങ്ങാടിയിലും ഓഫീസിനകത്തും പുറത്തുമെല്ലാം എന്നെ കളിയാക്കുന്നതിന്നായി ജനങ്ങൾ ശബ്ദമുണ്ടാക്കാൻ തുടങ്ങി. പ്യൂണിനോട് ഓഫീസിലുള്ളവർ എന്നെ കേൾക്കെതന്നെ എന്നെ ദേഷ്യം പിടിപ്പിക്കാനായി പറയും ഹുക്ക മൗഊദ് കൊണ്ടുവരൂ, പൂച്ച മൗഊദ് കൊണ്ടുവരൂ, കടലാസ് മൗഊദ് കൊണ്ടുവരൂ. ഇങ്ങനെയുള്ള നിരർത്ഥകമായ കാര്യങ്ങൾ അവർ പറഞ്ഞു തുടങ്ങി. ഈ സമയത്ത് ഞാൻ ചെയ്യാറുള്ള ദുആ ഇപ്രകാരമായിരുന്നു. അല്ലാഹുവേ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബർക്കത്ത് കൊണ്ട് എന്റെ സംരക്ഷണം ദുആ നീ സ്വീകരിക്കേണമേ. എല്ലാ ഞായറാഴ്ചയും ഹുസൂറിന്റെ സമക്ഷം ദുആക്ക് വേണ്ടി കത്തയച്ചിരുന്നു. മറ്റൊരു ദുആ ഇതായിരുന്നു. ഹുസൂറിന്റെ ബർക്കത്ത് കൊണ്ട് എന്നെ ക്വായിട്ടയിൽ നിന്നും സ്ഥലം മാറ്റേണമേ. എന്റെ ഓഫീസർ ഖാൻ ബഹാദുർ മുഹമ്മദ് ജലാലുദ്ദീൻ സി.ഐ.എ.ഐ.ഇ പൊളിറ്റിക്കൽ അഡ്വൈസർ ആയിരുന്നു. അദ്ദേഹം ജമാഅത്തിന്റെ കഠിന വിരോധിയാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഓഫീസിൽ നിന്നും എന്നെ മാറ്റേണമേ എന്നും ഞാൻ ദുആ ചെയ്തു. സ്ഥലംമാറ്റം ഉണ്ടാകുമ്പോൾ പ്രമോഷനോടുകൂടിയുള്ള മാറ്റം നൽകുകയും ചെയ്യേണമേ.

പറയുന്നു: മൂന്ന് ദിവസം കഴിയുന്നതിനുമുമ്പേ ഞാൻ സ്ഥലം മാറുകയുണ്ടായി. അവിടെ എത്തിയപ്പോൾ ഞാൻ അവിടെ ഒറ്റക്കായിരുന്നു. അങ്ങനെ നിത്യവും ഹുസൂറിന് കത്തയക്കാൻ തുടങ്ങി. അല്ലാഹുവിന്റെ ഫള്ൽ കൊണ്ട് അതിന്റെ ഫലമായി 12 ആളുകൾ ഒരു വർഷത്തിനുള്ളിൽ അവിടെ അഹ്മദികളായി. എനിക്ക് കൂടുതൽ ഇൽഹാമുകൾ ഉണ്ടാകാൻ തുടങ്ങുകയും ചെയ്തു. ഇൽഹാമില്ലാത്ത ഒറ്റരാത്രി പോലും കടന്നുപോയിരുന്നില്ല.

നിവേദനം തുടരുന്നു. ശാദീഖാൻ എന്നുപേരുള്ള ഒരു അറവുകാരനുണ്ടായിരുന്നു. അദ്ദേഹം അഹ്മദിയായി. മിയാൻ ഗുൽമത്ത് സാഹിബ് അവിടെ ഉണ്ടായിരുന്നു. ശാദീഖാൻ അഹ്മദിയായി എന്നറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: അദ്ദേഹത്തിന്റെ കടയിൽ നിന്നും വാങ്ങിയ മാംസം പുറത്തേക്കെറിയുക. ഇദ്ദേഹം അഹ്മദിയാണ്. അദ്ദേഹത്തെ അടിച്ച് ശരിയാക്കുക. ആ മുസ്ലിംകൾ അങ്ങിനെ തന്നെ ചെയ്തു. അദ്ദേഹത്തിന്റെ തല പൊട്ടി രക്തം വാർന്നൊഴുകുന്നുണ്ടായിരുന്നു. ഡപ്യൂട്ടി ഖാസി ബഹുദുർ സിദ്ദി ബലൂചിസ്ഥാന്റെ അടുത്ത് കേസ് നൽകി. കേസ് രേഖപ്പെടുത്തിയതിനു ശേഷം ശാദീഖാന്റെ വീട് സംരക്ഷിക്കപ്പെടുന്നതാണെന്ന് എനിക്ക് ഇൽഹാമുണ്ടായി. ഇതിനെക്കുറിച്ച് എല്ലാ കൂട്ടുകാരെയും ഞാൻ അറിയിച്ചു. അവരുടെ സ്ത്രീകളും കുട്ടികളും എല്ലാം മൊത്തം 36 പേരുണ്ടായിരുന്നു. അവരോടെല്ലാം ശാദീഖാന്റെ വീട്ടിൽ പോകാനായി പറഞ്ഞു. അങ്ങിനെ എല്ലാവരും പോയി. എന്താണ് നടക്കുക എന്ന് എല്ലാവരും കാത്തിരിക്കുകയായിരുന്നു.

അർദ്ധരാത്രിയായപ്പോൾ ശാദീഖാൻ താൻ കണ്ട ഒരു സ്വപ്നം വിവരിച്ചു. ഒരു വലിയ സദസ്സിൽ ഞാൻ വിളിക്കപ്പെട്ടു. അവിടെ ഒരു കസേരയിൽ കൂടാരത്തിനു താഴെ ഒരു വലിയ ആൾ ഇരിക്കുന്നുണ്ട്. അദ്ദേഹത്തിനു ചുറ്റും ഈ ഉമ്മത്തിലെ ഔലിയാക്കളും ഇരിക്കുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) വാതിലിൽ കാത്തുനിൽക്കുന്നു. എന്റെ തലയിൽ നിന്നും അപ്പോൾ രക്തം വാർന്നൊഴുകുന്നുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു കൈ എന്റെ താടിയെല്ലിനും മറ്റേ കൈ തലയ്ക്കും പിടിച്ചു കൊണ്ട് കസേരയിൽ ആസനസ്തനായ ആ വലിയ വ്യക്തിയുടെ അടുത്തേക്ക് എന്നെ കൊണ്ടുപോയി. എന്നിട്ടു പറഞ്ഞു: എന്റെ ശിഷ്യരുടെ അവസ്ഥ ഇതാണെങ്കിൽ ഞാൻ എന്തുചെയ്യും. കസേരയിൽ ഇരിക്കുന്നയാൾ ചോദിച്ചു. ആരെങ്കിലുമുണ്ടോ? അപ്പോൾ ഒരു ജനറൽ അവിടെ ഹാജരായി. അദ്ദേഹം പൂർണ യൂണീഫോമിലായിരുന്നു. ശാദീഖാന്റെ കൂടെ പോകാൻ അദ്ദേഹത്തിന് കൽപന കിട്ടി. അങ്ങിനെ ഞാൻ മുന്നിലും എന്റെ പിന്നിൽ ജനറലും അദ്ദേഹത്തിന്റെ പിന്നിൽ ഒരു സൈന്യവും. അങ്ങിനെ ഈ പട്ടണത്തിൽ പ്രവേശിച്ചു. ഈ സ്വപ്നമാണ് കണ്ടത്. എന്നിട്ടു പറഞ്ഞു, ഇനി ഞാൻ കേസ് കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. എന്റെ പ്രതികാരം അല്ലാഹു സ്വയം ചെയ്യുന്നതാണ്. അതിനു ശേഷം ശക്തമായ വെള്ളപ്പൊക്കം വന്നു. പട്ടണത്തിന്റെ ഒരു ഭാഗം പൂർണ്ണമായും മുങ്ങി. ശാദീഖാന്റെ വീട് മാത്രം സുരക്ഷിതമായിരിക്കുകയുണ്ടായി.

ഹദ്റത്ത് ജാൻ മുഹമ്മദ് സാഹിബ് പറയുന്നു: 1903-ൽ അഹ്മദികളായ ഞങ്ങൾക്ക് ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നു. പ്രത്യേകിച്ച് എനിക്ക്. കാരണം ഞാൻ ഡസ്ക്കയിലെ ആദ്യ അഹ്മദിയായിരുന്നു. എന്നെ വല്ലാതെ ബുദ്ധിമുട്ടിച്ചിരുന്നു. വെള്ളം കൊണ്ട് വരുന്നവരെയും വീട് അടിച്ചു വാരി വൃത്തിയാക്കുന്നവരെയുമെല്ലാം തടഞ്ഞു. വെള്ളക്കാരൻ മൗലവിമാരോട് പറഞ്ഞു. നിങ്ങൾ എന്നെ വെള്ളം കൊടുക്കുന്നതിൽ നിന്ന് തടയുകയാണെങ്കിൽ ഞാൻ തഹ്സിൽദാരോട് ചെന്ന് പരാതി പറയും. കാരണം അദ്ദേഹത്തിന് വെള്ളം തടയരുത് എന്ന് എനിക്ക് കൽപന നൽകിയിട്ടുണ്ട്. ഇത് പറഞ്ഞപ്പോൾ അവർ അയാളെ തടയുന്നതിൽ നിന്നും വിട്ട് നിന്നു. അടിച്ചു വാരുന്നവരെയും തടഞ്ഞു; (പാക്കിസ്ഥാനിൽ പൊതുവിൽ അടിച്ചു വാരുന്നവർ കൃസ്ത്യാനികളായിരിക്കും, അല്ലെങ്കിൽ ജനങ്ങൾ പൊതുവിൽ ഇഷ്ടപ്പെടാത്ത ജാതിയിലുള്ളവരായിരിക്കും, ഇങ്ങനെ ജാതിതിരിവ് പാടില്ലാത്തതാണ്.) അടിച്ചു വാരുന്നവരെ തടഞ്ഞപ്പോൾ അവർ പറഞ്ഞു: മൗലവി സാഹിബ് നിങ്ങളുടെ കൂടെ ഭക്ഷിക്കാറില്ല. നിങ്ങളും അങ്ങിനെ തന്നെ. നിങ്ങൾ ഞങ്ങളുടെ കൂടെ ഭക്ഷണം കഴിക്കുകയാണെങ്കിൽ ഞങ്ങൾ വിട്ട് നിൽക്കാം. ഇത് കേട്ടപ്പോൾ അവർക്ക് ലജ്ജിച്ചു. എന്നിട്ടും എതിർത്തുകൊണ്ടേയിരുന്നു.

ജനങ്ങൾ എന്റെ വെള്ളം പോലും മുടക്കുന്നു എന്നും മസ്ജിദുകളിൽ നമസ്ക്കാരത്തിൽ നിന്ന് തടയുന്നു എന്നും മൗലവി ഫസലുദ്ദീൻ സാഹിബും നസ്റുല്ലാഹ് ഖാൻ സാഹിബും അഹ്മദികളാവുകയാണെങ്കിൽ ജമാഅത്തിന് നല്ല പുരോഗതി ഉണ്ടാകുന്നതാണെന്നുമെല്ലാം ഞാൻ ഹദ്റത്ത് അഖ്ദസ്സിന്റെ സമക്ഷം എഴുതുകയുണ്ടായി. ഹദ്റത്ത് അഖ്ദസ് (അ) എനിക്ക് മറുപടി എഴുതികൊണ്ട് പറഞ്ഞു: ഇന്ന വ്യക്തി അഹ്മദിയായാൽ ജമാഅത്ത് വളരും എന്ന് താങ്കൾ പറയരുത്. നിങ്ങൾ ക്ഷമ കൈകൊള്ളുകയും നമസ്ക്കാരത്തിൽ ദുആ ചെയ്യുകയും ചെയ്യുക. ഇത് ആകാശീയമായ പ്രസ്ഥാനമാണ്. ഇത് വളരും. ഭൂമിയുടെ കോണുകളോളം എത്തും. സ്വാത്തികരായ എല്ലാവരും ഇതിൽ പ്രവേശിക്കും. മസ്ജിദുകൾ അഹ്മദികളുടേത് തന്നെയായിരിക്കും. നിങ്ങൾ ഭയപ്പെടേണ്ട കാര്യമില്ല. (അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് വ്യാപിക്കുകയും ചെയ്തു. ഈ മസ്ജിദുകൾ അഹ്മദികളുടേതായി മാറുന്നതാണ്. ഇവർ എത്ര തന്നെ എതിർത്താലും ശരി.

അല്ലാ ബഖ്ശ് സാഹിബിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് വിവരിക്കുന്നു. ഹുസൂറിന്റെ വഫാത്ത് നടന്നപ്പോൾ ഞങ്ങൾ അവിടെ ഉണ്ടായിരുന്നു. അനഹ്മദികൾ ഉൾപ്പെടേയുള്ള എതിരാളികൾ ബിൽഡിങ്ങിന്റെ പുറത്ത് പരിഹസിച്ചുകൊണ്ട് ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ പുറത്ത് വാതിലിനടുത്തും. ഒരാൾ പൊട്ടിക്കരഞ്ഞു. ഹദ്റത്ത് ഖലീഫ അവ്വൽ (റ) പുറത്തേക്ക് വന്നു. എന്നിട്ടു പറഞ്ഞു. എന്റെ വിശ്വാസം മുമ്പത്തെ പോലെ തന്നെ ഇപ്പോഴും നില നിൽക്കുന്നു. ഹദ്റത്ത് മിർസാ സാഹിബ് തന്റെ ജോലി ചെയ്തു പോയി. ഇപ്പോഴാണ് സ്ഥിരചിത്തത കാണിക്കേണ്ടത്. ഇത് കരയാനുള്ള അവസരമല്ല. ഹദ്റത്ത് ഖൈറുദ്ദീൻ സാഹിബിന്റെ ഒരു രിവായത്ത് ഉണ്ട്. പറയുന്നു. എന്റെ ഉസ്താദായ മൗലവി അല്ലാദത്ത സാഹിബ് മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയെ അംഗീകരിക്കുന്ന ആളായിരുന്നു. ഇശാഅത്തുസുന്ന എന്ന പത്രത്തിൽ മുഹമ്മദ് ഹുസൈൻ ബട്ടാലവി എഴുതിയത് അദ്ദേഹം വായിച്ചിരുന്നു. ഞാൻ ചോദിച്ചു; താങ്കൾ പുകഴ്ത്തി പറഞ്ഞ വ്യക്തി ആരാണ്? അദ്ദേഹം എവിടെയാണ് താമസിക്കുന്നത്? അദ്ദേഹത്തെ കാണണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങിനെ അദ്ദേഹം ഹുസൂറിനെ കാണാനായി ഖാദിയാനിൽ വന്നു. അദ്ദേഹം വന്നപ്പോൾ ഹുസൂർ കിടക്കുകയായിരുന്നു. ഉടനെ അദ്ദേഹം ഹുസൂറിന്റെ കാലുകൾ തടവാൻ തുടങ്ങി. തടവികൊണ്ടിരുന്നപ്പോൾ ഹുസൂറിന്റെ മുഖത്തേ ക്ക് അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഹുസൂർ! ഇമാം മഹ്ദിയെക്കുറിച്ച് ഹദീസുകളിൽ പറഞ്ഞ രൂപമെല്ലാം താങ്കളിൽ പൂർത്തിയാവുന്നുണ്ട്. (ബൈഅത്ത് വാങ്ങാൻ തുടങ്ങുന്നതിനു മുമ്പേയുള്ള സംഭവമാണിത്.) ഹുസൂർ പുഞ്ചിരിച്ചു. ഒന്നും പറഞ്ഞില്ല.

അല്ലാദത്ത സാഹിബ് പറയുന്നു: ഞാൻ പറഞ്ഞു, താങ്കൾക്ക് ബൈഅത്ത് ചെയ്യാൻ എനിക്ക് അതിയായ ആശയുണ്ട്. ഹുസൂർ പറഞ്ഞു: ഞാൻ ഇതു വരെ കൽപ്പിക്കപ്പെട്ടിട്ടില്ല. അപ്പോൾ എനിക്ക് മനസ്സി

ലായത് ഹുസൂർ ഏതൊന്നാണോ ആകേണ്ടിയിരുന്നത് അത് ആയിക്കഴിഞ്ഞിരുന്നു. അല്ലാഹുവിന്റെ കൽപന പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

പറയുന്നു: എന്റെ ഉസ്താദ് സാഹിബ് ഹദ്റത്ത് അഖ്ദസിന്റെ സ്നേഹത്തിൽ നിറഞ്ഞു കവിഞ്ഞു. തന്റെ ഗ്രാമത്തിലേക്ക് തിരിച്ചു പോയി. ഹുസൂർ ബൈഅത്തിന്റെ വിജ്ഞാപനം വിളംബരം ചെയ്തപ്പോൾ അദ്ദേഹം ഉടനെ ബൈഅത്ത് ചെയ്തു. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തോട് എതിർപ്പു പ്രകടിപ്പിച്ചിരുന്നില്ല. അദ്ദേഹത്തോടൊപ്പം തന്നെയായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ വല്ലാതെ പ്രയാസപ്പെടുത്തി. ബുദ്ധിമുട്ടിപ്പിക്കുകയും ചെയ്തു. ഞാൻ അദ്ദേഹത്തെ അനുകൂലിച്ചുകൊണ്ടിരുന്നു. എന്നാൽ അലസത ഒന്നുകൊണ്ടുമാത്രം ബൈ അത്ത് ചെയ്യുന്നതിൽ നിന്നും വിട്ടുനിന്നു. 1906 ൽ ഞാൻ നേരിട്ടുപോയി ബൈഅത്ത് ചെയ്തു. ഖാദിയാനിൽ എത്തിയപ്പോൾ ളുഹർ ബാങ്ക് കൊടുത്തിരുന്നു. ഹുസൂർ മസ്ജിദ് മുബാറക്കിന്റെ മിഅ്റാബിൽ ആഗതരായി. എന്നിട്ട് പറഞ്ഞു, ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ ബൈഅത്ത് ചെയ്യുക. ഞാൻ വുളുചെയ്ത് നമസ്കാരത്തിന്നായി വരികയായിരുന്നു. കോണിപ്പടിയുടെ അടുത്ത് എത്തിയപ്പോൾ ആരോ വിളിച്ച് പറഞ്ഞു; ഹുസൂർ പറയുകയാണ് ബൈഅത്ത് ചെയ്യാൻ വല്ലവരുമുണ്ടെങ്കിൽ വന്ന് ബൈഅത്ത് ചെയ്യുകയെന്ന്. ഉടനെ ഞാൻ ഹുസൂറിന്റെ സമക്ഷം ഹാജരാവുകയും ബൈഅത്ത് ചെയ്യുകയും ചെയ്തു.

ഹദ്റത്ത് ഖാസി മുഹമ്മദ് യൂസഫ് സാഹിബ് പറയുന്നു: ഞാൻ 27 വർഷം ഗവൺമെന്റ് ജോലി ചെയ്തു. 15 രൂപ മുതൽ 200 രൂപ വരെ മാസശമ്പളം ലഭിക്കുകയും ചെയ്തു. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുമ്പോൾ ഒരു കൂട്ടുകാരനും പ്രയോജനം ചെയ്യാത്ത സ്ഥലങ്ങളിൽ അല്ലാഹു മാത്രമാണ് പ്രയോജനപ്പെടുകയുണ്ടായത്. അവന്റെ ഫള്ലും കൃപയും കാരണമായാണ് എന്റെ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കാൻ സാധിച്ചത്. പല പരീക്ഷണങ്ങളും വന്നു. എല്ലാം നിഷ്പ്രയാസം തരണംചെയ്തു. അന്യർ എതിർക്കുക സ്വാഭാവികം. സ്വന്തക്കാർ പോലും വർഷങ്ങളോളം യൂസുഫിന്റെ സഹോദരന്മാർ ചെയ്തതു പോലെ എന്നോട് പെരുമാറി. എന്നാൽ അല്ലാഹു തആല ഓരോ എതിരാളികളെയും അസൂയാലുക്കളെയും അവരുടെ അസൂയയിലും കുഴപ്പത്തിലും പരാജയപ്പെടുത്തുകയുണ്ടായി. എപ്പോഴും അല്ലാഹു എന്റെ ദുആ കേട്ടു. അല്ലാഹുവിൽ നിന്നു മാത്രം ഞാൻ നന്മകളെ പ്രതീക്ഷിച്ചു.

ലാഹോറിലുള്ളവർ പ്രവാചകനിന്ദ എന്ന കുറ്റം എന്നിൽ ചുമത്തി. അവിടത്തെ അഹ്റാരികൾ എന്നെ പരസ്യമായി കൊല്ലാൻ ഒരാളെ നിയമിച്ചു. അല്ലാഹു എന്നെ കുറ്റവിമുക്തനാക്കുവാനായി തോക്കിൽ ഉണ്ട തിരിച്ചുവെപ്പിച്ചു. അതുകാരണം വെടി പൊട്ടിയില്ല. മുഹമ്മദ് അജീബ് ഖാൻ എന്ന അഹ്മദി കൊലയാളിയെ അറസ്റ്റ്ചെയ്തു. പോലീസിൽ ഏൽപ്പിച്ചു. അതിർത്തി ഗവൺമെന്റ് ഒമ്പത് വർഷത്തേക്ക് അയാളെ ജയിലിലടച്ചു. ശത്രു പരാജിതനായി. അല്ലാഹു ഞങ്ങളെ രക്ഷപ്പെടുത്തുകയായിരുന്നു. ഞങ്ങളെ തീകൊണ്ട് പേടിപ്പെടുത്തേണ്ട. തീ ഞങ്ങളുടെ അടിമയാണ്; അല്ല അടിമകളുടെ അടിമയാണ് എന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഇൽഹാം പൂർത്തിയായി.

മിയാൻ നിസാമുദ്ദീൻ സാഹിബ് ടൈലർ മാസ്റ്റർ പറയുന്നു: 1902 മാർച്ചിൽ ഞങ്ങൾ ജഹ്ലമിൽ നിന്ന് അഞ്ചുമൻ ഹിമായത്തെ ഇസ്ലാം ജൽസ കാണാൻ ലാഹോറിൽ വന്നു. ഞങ്ങൾ മൂന്നുപേരുണ്ടായിരുന്നു. സമ്മേളന നഗരിയുടെ പുറത്ത് ഒരു മൗലവി വിശുദ്ധഖുർആൻ കയ്യിൽ പിടിച്ചുകൊണ്ട് മിർസാ (നഊദുബില്ലാഹ്) കുഷ്ഠരോഗിയായിരിക്കുന്നു എന്നും അദ്ദേഹം നബിമാരെ അപമാനിച്ചിരുന്നുവെന്നും പറയുന്നതായി കണ്ടു. ഇതു പറയുന്നതോടൊപ്പം ഒരു നോട്ടീസും വിതരണം ചെയതു കൊണ്ടിരുന്നു. അതിലെ വിഷയവും ഇതു തന്നെയായിരുന്നു. ഞാൻ അയാളിൽ നിന്ന് നോട്ടീസ് വാങ്ങി. എന്റെ കൂട്ടുകാരോട് പറഞ്ഞു. ഖാദിയാനിൽ പോയി മിർസാ സാഹിബിനെ കണ്ടു വരാം. ഈ സംഭവം നേരിട്ട് കണ്ട് നമുക്ക് തൃപ്തിപ്പെടാം.

ഞങ്ങൾ മൂവരും ഖാദിയാനിൽ വന്നു. മഗ്രിബ് നമസ്ക്കാര സമയത്ത് ഹദ്റത്ത് സാഹിബിനെ കണ്ടു. അപ്പോൾ ആരോഗ്യദൃഢഗാത്രനായാണ് കണ്ടത്. എന്റെ കൂട്ടുകാരും ഞാനും അത്ഭുതപ്പെട്ടുപോയി. ഞങ്ങളുടെ മൗലവി കളവ് പറഞ്ഞതാണോ അതോ നാം കണ്ട വ്യക്തിയല്ലേ മിർസാസാഹിബ്? മറ്റുവല്ലവരുമാണോ? രാത്രി കഴിഞ്ഞു രാവിലെ ഞങ്ങൾ ഖലീഫ അവ്വലിനോട് ചെന്നു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. മിർസാ സാഹിബ് ഇതുതന്നെ. ഖലീഫ അവ്വൽ ഒരു നോട്ടീസ് പോക്കറ്റിൽ നിന്നെടുത്തു കാണിച്ചിട്ടു പറഞ്ഞു. ആ നോട്ടീസ് എനിക്കും കിട്ടിയിട്ടുണ്ട്. നിങ്ങൾക്ക് ഇഷ്ടമുള്ളവരെ സത്യവാനായി കരുതാം. ഖുർആ നും കയ്യിൽ പിടിച്ച് ഇത്രവലിയ കളവു പറഞ്ഞ നിങ്ങളുടെ മൗലവിയെ, അല്ലെങ്കിൽ പൂർണ ആരോഗ്യവാനായി നിങ്ങൾ കണ്ട മിർസാ സാഹിബിനെ. ളുഹർ സമയത്ത് ഹദ്റത്ത് സാഹിബ് നമസ്ക്കാരത്തിനായി വന്നു. അപ്പോൾ ഞാൻ ഹദ്റത്ത് സാഹിബിന്റെ മുമ്പാകെ എല്ലാ കാര്യങ്ങളും വിശദീകരിച്ചു. അപ്പോൾ ഹുസൂർ ചിരിച്ചുകൊണ്ട് പറഞ്ഞു. എന്നെ എതിർക്കുമ്പോൾ മൗലവിമാർ കളവ് പറയുന്നത് അനുവദനീയമായി കരുതുകയാണ്. മസീഹ് മൗഊദിന്റെ കാലത്തുള്ള ഉലമാക്കൾ ഏറ്റവും മോശമായ ജീവികളായിരിക്കുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

എനിക്ക് ഹസൂറിന്റെ വാക്കുകൾ കേട്ട് തൃപ്തിയായി. ഹുസൂറിനോട് ഞാൻ പറഞ്ഞു: ഞാൻ ബൈഅത്ത് ചെയ്യുന്നു. എന്റെ കൂടെയുള്ളവരും. ഇത്രയും വലിയ കളവ് കണ്ട് ഞങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ല. ഞങ്ങളുടെ ബൈഅത്ത് ഇപ്പോൾ തന്നെ സ്വീകരിച്ചാലും. ഹുസൂർ പറഞ്ഞു: ഇത്ര പെട്ടെന്ന് ബൈഅത്ത് ചെയ്യുന്നത് ശരിയല്ല. എന്റെ കാര്യങ്ങളൊന്നും നിങ്ങൾ ഇതുവരെ കേട്ടിട്ടില്ല. കുറച്ചു ദിവസം ഇവിടെ താമസിക്കുക. കാര്യങ്ങൾ കേൾക്കുക. പൂർണ്ണമായി ബോധ്യം വന്നാൽ മാത്രം ബൈഅത്ത് ചെയ്യുക. നിങ്ങൾ ബൈഅത്ത് ചെയ്ത് ഇവിടെ നിന്ന് പോയി മൗലവിമാരുടെ ആക്ഷേപം കേട്ട് ഇതിൽ നിന്നും വിട്ട് പോകുന്നതിന് ഇടവരരുത്. അങ്ങിനെയാണെങ്കിൽ നിങ്ങൾ പാപികളായിമാറും. (ബൈഅത്ത് ചെയ്ത് പിന്തിരിഞ്ഞാൽ കൂടുതൽ പാപികളായിമാറും) അതുകൊണ്ട് ഒരാഴ്ച്ചയെങ്കിലും നമ്മുടെ സഹവാസത്തിൽ കഴിച്ചുകൂട്ടുക.

ഞങ്ങൾ നിശബ്ദരായിരുന്നു. അവിടെ താമസിച്ചു. ഹുസൂർ നമസ്ക്കാരത്തിൽ നിന്നും വിരമിച്ച് അകത്തേക്ക് പോയി. അദ്ദേഹം പറയുന്നു. ഞാൻ ടൈലറായിരുന്നു. 12 രൂപ ശമ്പളത്തിന് ഒരാളുടെയടുക്കൽ ജോലി ചെയ്യുകയായിരുന്നു. ഞാൻ ജോലിക്കു പോകാത്തതു കാരണം അദ്ദേഹം എന്നെ പുറത്താക്കി. എന്റെ സ്വന്തക്കാരും അന്യരും എല്ലാം എന്റെ ശത്രുക്കളായി മാറി. ബൈഅത്ത് ചെയ്ത എന്റെ കൂട്ടുകാരിലൊരാൾ ബേക്കറി നടത്തുകയായിരുന്നു. അദ്ദേ

ഹത്തിന്റെ കടയിലെ സാധനങ്ങൾ തിന്നുന്നത് ഹറാമാണെന്ന് എല്ലാ മുസ്‌ലിംകളും ഒറ്റക്കെട്ടായി തീരുമാനിച്ചു. (ഇന്നും പാക്കിസ്ഥാനിൽ ചില അഹ്മദീ കച്ചവടക്കാരോടൊപ്പം ഇതാണ് നടന്നു വരുന്നത്. സീശാൻ അഹ്മദികൾ ഉണ്ടാക്കുന്നതാണ്, അതുകൊണ്ട് അതു കുടിക്കൽ വരെ ഹറാമാണ് ലാഹോർ ഹൈക്കോർട്ട് ഒരു റസല്യൂഷൻ വരെ ഉണ്ടാക്കിയിട്ടുണ്ട്.)

എട്ട് ദിവസം വരെ ബോയ്കോട്ട് ക്ഷമിച്ചു കൊണ്ടിരുന്നു. എട്ടാം ദിവസം അയാൾക്ക് സഹിക്കാൻ കഴിഞ്ഞില്ല. ബൈഅത്ത് ഉപേക്ഷിച്ച് മുർത്തദായി. ഞങ്ങൾ രണ്ട് പേർ ബാക്കിയായി. ഞങ്ങൾ രണ്ടുപേരും ടൈലർമാരായിരുന്നു. ഞങ്ങൾ എല്ലാം സഹിച്ചുകൊണ്ടിരുന്നു. ആ നാളുകളിൽ പലപ്പോഴും എനിക്ക് പട്ടിണി കിടക്കേണ്ടി വന്നിട്ടുണ്ട്. കുറേ ദിവസങ്ങൾക്ക് ശേഷം ഞാൻ ഹുസൂറിന്റെ അടുത്ത് ചെന്നു. എന്റെ അവസ്ഥ വിവരിച്ചു. ഹുസൂർ സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: താങ്കൾ സ്ഥിരചിത്തത പ്രകടിപ്പിച്ചാൽ ഈ പ്രയാസങ്ങൾ ഉടനെ അല്ലാഹു നിങ്ങളിൽ നിന്നും അകറ്റുന്നതാണ്. നല്ല നാളുകൾ കൊണ്ടുവരുന്നതാണ്.

പറയുന്നു; ഒരു വർഷം വരെ വളരെ പ്രയാസത്തിൽ തന്നെ കഴിച്ചുകൂട്ടി. ജോലി ഒന്നും ഇല്ലാത്ത പ്രയാസം കൊണ്ട് ഞങ്ങൾ വീണ്ടും ഖാദിയാനിൽ വന്നു. ഹുസൂറിന്റെ മുമ്പിൽ കരഞ്ഞുകൊണ്ട് എന്റെ പ്രയാസങ്ങൾ വിവരിച്ചു. എന്നിട്ട് പറഞ്ഞു: ഹസൂർ അനുവദിച്ചാൽ ഞാൻ ആഫ്രിക്കയി ലേക്ക് പോകാം. ഒരു പക്ഷെ അല്ലാഹു കരുണ ചെയ്തേക്കാം. അപ്പോൾ ഹുസൂർ പറഞ്ഞു: ഈ മാർഗ്ഗത്തിൽ വിശ്വാസിക്ക് പരീക്ഷണങ്ങൾ വരുന്നതാണ്. അത് ചിലപ്പോൾ വളരെ കഠിനതരവുമായിരിക്കും. താങ്കൾ അവിടെ പോയി വല്ല കഠിനതരമായ പരീക്ഷണത്തിലും അകപ്പെടുമോ എന്നാണ് എനിക്ക് ഭയം. ഞാൻ വീണ്ടും അനുവാദത്തിന്നായി അപേക്ഷിച്ചപ്പോൾ പറഞ്ഞു. നാളെ മറുപടി പറയാം.

അടുത്തദിവസം ളുഹർ നമസ്ക്കാരത്തിനു ശേഷം പറഞ്ഞു: അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട് പോവുക. ഈ പ്രസ്ഥാനത്തെക്കുറിച്ച് ആർക്കെല്ലാം സന്ദേശമെത്തിക്കുവാൻ സാധിക്കുമോ എത്തിക്കുക. അദ്ദേഹം പറയുന്നു: ഞാൻ നിരക്ഷരനാണ്. എന്നിരുന്നാലും തബ്‌ലീഗ് ചെയ്യാനുള്ള ചിന്ത ഉണ്ടായിരുന്നു. എവിടെ ചെന്നും തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നു.

ഗുലാം മുഹമ്മദ് സാഹിബ് (റ)ഹദ്റത്ത് മസീഹ് മൗഊദ് (അ) ലാഹോറിൽ വന്നപ്പോഴുള്ള അവസ്ഥ വിവരിക്കുകയാണ്. ലാഹോറിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രസംഗം ഉണ്ടായിരുന്നു. പ്രസംഗത്തെക്കുറിച്ചുള്ള പോസ്റ്റർ ഒട്ടിച്ചിരുന്നു. ചൗധരി അല്ലാദത്ത സാഹിബ് മർഹൂം പശയുടെ പാത്രം തലയിൽ ചുമന്നുകൊണ്ട് പോസ്റ്ററുകൾ ഓരോസ്ഥലത്തും ഒട്ടിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഈ പ്രവർത്തി കണ്ട് എതിരാളികൾ പലവുരു അദ്ദേഹത്തെ മർദ്ദിക്കുകയുണ്ടായി. ചൗധരി സാഹിബ് പോസ്റ്റർ ഒട്ടിക്കും. എതിരാളികൾ അത് കീറികളയും. എന്നിട്ട് ചീത്ത പറയും. ഹുസൂർ താമസിച്ചിരുന്ന വീടിന്റെ അടുത്ത് ഒരു മരം ഉണ്ടായിരുന്നു. മൗലവി ടാലി എന്നു വിളിച്ചിരുന്ന ഒരു എതിരാളി അവിടെ ഉണ്ടായിരുന്നു. വെറും പൈജാമ മാത്രമാണ് ധരിക്കാറുള്ളത്. തോളിലോ ശരീരത്തിലോ മറ്റൊന്നും ഉണ്ടായിരുന്നില്ല. അയാൾ മരത്തിൽ കയറി ചീത്ത വിളിച്ചുകൊണ്ടേ ഇരുന്നു.

ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് (റ) വസീരാബാദി വിവരിക്കുന്നു. ഒരിക്കൽ ഞാൻ ഖാദിയാനിൽ എത്തി. എന്റെ പേരിലുള്ള കള്ള കേസുകളെ കുറിച്ച് പറഞ്ഞു: എതിരാളികൾ കള്ളകേസ് കൊടുത്ത് കള്ളസാക്ഷ്യങ്ങൾ പറഞ്ഞ് എന്റെ വീട് തട്ടിയെടുത്തിരിക്കുന്നു. ഹുസൂർ പറഞ്ഞു: ഹാഫിസ് സാഹിബ്! കുട്ടികളുടെ കല്ല്യാണത്തിന്നായും സുന്നത്ത് നടത്താനായും ജനങ്ങൾ വീടെല്ലാം വിറ്റ് എല്ലാം നഷ്ടപ്പെടുത്താറുണ്ട്. അല്ലാഹുവിന് വേണ്ടി താങ്കളുടെ വീട് പോയിട്ടുണ്ടെങ്കിൽ പോകട്ടെ, ഇതിനേക്കാളും ഉത്തമമായത് അല്ലാഹു താങ്കൾക്ക് നൽക്കും. അല്ലാഹുവാണെ സത്യം! ഈ പരിശുദ്ധവചനങ്ങൾ കേട്ടയുടനെ എന്റെ ഹൃദയത്തിൽ നിന്ന് വ്യസനങ്ങളെല്ലാം അകന്നു. എനിക്ക് സുലൈഖയുടെ കവിതയാണ് ഓർമ്മവന്നത്.

ജമാദി ചന്ദ് ദാദം ജാൻ ഖരീദം

അൽഹംദുലില്ലാഹ് അജബ് ന ഖരീദം

സുലൈഖ മിസ്റിലെ ഖജനാവ് കണ്ട്കൊണ്ടാണ് യൂസുഫിനെ വിലക്ക് വാങ്ങിയത്. അപ്പോഴാണ് അവൾ പറഞ്ഞത്, കുറച്ചു കല്ലുകൾ നൽകി ഒരു ജീവനെ വിലക്ക് വാങ്ങിയിരിക്കുന്നു. അല്ലാഹുവിന്ന് സർവ്വ സ്തുതിയും, വളരെ കുറഞ്ഞ വിലയിലാണ് ഇത് ലഭിച്ചത്. ഞാനും അല്ലാഹുവിന് നന്ദിരേഖപ്പെടുത്തുന്നു. അല്ലാഹു ഈ പരിശുദ്ധ ഗ്രമത്തിൽ (ഖാദിയാനിൽ) എനിക്ക് സ്ഥലം നൽകി. അതിനേക്കാളും ഉത്തമമായ വീടും നൽകി.

ഇതുമായി ബന്ധപ്പെട്ട മറ്റൊരു സംഭവം ഓർമ്മവരുന്നു. അതും എഴുതുന്നു. അതുമുഖേന സൽപ്രകൃതക്കാർക്ക് ഫലം ഉണ്ടായേക്കാം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വഫാത്തിനു ശേഷം ഒരിക്കൽ മസ്ജിദ് മുബാറക്കിൽ ഖാജാ കമാലുദ്ദീൻ സാഹിബ് പറഞ്ഞു: മദ്രസ അഹ്മദിയ്യായിൽ പഠിക്കുന്നവർ മുല്ലാക്കാളാണ് അകുക. അവർക്ക് എന്ത്ചെയ്യാൻ സാധിക്കും. തബ്‌ലീഗ് ചെയ്യുക എന്നത് നമ്മുടെ ജോലിയാണ്. മദ്രസ അഹ്മദിയ്യ നിർത്തലാക്കേണ്ടതാണ്. ആ സമയത്ത് മിർസാ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് സാനി അവിടെ ഇരിക്കുന്നുണ്ടായിരുന്നു. എഴുന്നേറ്റു നിന്നുകൊണ്ട് പറഞ്ഞു: മദ്രസ അഹ്മദിയ്യായെ ഹദ്റത്ത് മസീഹ് മൗഊദ് (അ)മാണ് സ്ഥാപിച്ചത്. ഇത് തുടർന്നുകൊണ്ട് പോകും. ഇതിൽ നിന്ന് ഉലമാക്കളുണ്ടാകും, അവർ തബ്‌ലീഗ് പ്രവർത്തനം നടത്തും. അതു കേട്ടതോടുകൂടി ഖാജാ സാഹിബ് നിശബ്ദനായി. അപ്പോൾ ഞാൻ മനസ്സിലാക്കിയ ഒരു കാര്യം അവർക്ക് അവരുടെ ലക്ഷ്യത്തിൽ വിജയിക്കാൻ സാധിക്കില്ലെന്ന് ഖാജാ സാഹിബിന് വ്യക്തമായികഴിഞ്ഞിരിക്കുന്നു എന്നാണ്. ഈ മദ്രസയിൽ പഠിച്ച് പുറത്തിറങ്ങിയവർ തബ്‌ലീഗ് പ്രവർത്തനം നടത്തുന്നതായി കണ്ണുള്ളവർക്ക് കാണാൻ സാധിക്കുന്നതാണ്.

ഹദ്റത്ത് ശൈഖ് അബ്ദുൽ വഹാബ് സാഹിബ് നവമുസ്‌ലിമിനെക്കുറിച്ച് ഹബീബ് അഹ്മദ് സാഹിബ് എഴുതുന്നു. ഹദ്റത്ത് ശൈഖ് സാഹിബ് ദീനീ കാര്യത്തിൽ ആത്മാഭിമാനമുള്ള വ്യക്തിയായിരുന്നു. പല്ലിനു പകരം പല്ല് എന്ന നിലപാടായിരുന്നു അദ്ദേഹത്തിന്. നേരിടാനുള്ള പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. എതിരാളികളുടെ എതിർപ്പ് ചങ്കുറപ്പോടെ നേരിട്ടിരുന്നു. സധൈര്യം നേരിടുമായിരുന്നു. ആരെങ്കിലും ചീത്ത പറഞ്ഞാൽ മിണ്ടാതിരിക്കും. അസഭ്യം പറയുന്നത് കേട്ടാൽ നിങ്ങൾ ദുആ ചെയ്യുക, പ്രയാസങ്ങൾ സഹിച്ച് സുഖം നൽകുക എന്ന ഹദ്റത്ത് മസീഹ് മൗഊദിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചിരുന്നു.

ഹദ്റത്ത് മിയാൻ മഹ്മൂദ് സഹൂറുദ്ദീൻ സാഹിബ് വിവരിക്കുന്നു. ഹദ്റത്ത് അഖ്ദസ് ഞങ്ങളുടെ ബൈഅത്ത് വാങ്ങി അകത്തേക്ക് പോയി. ആദ്യം ഖാദിയാനിൽ വന്നപ്പോൾ ഒരു ദിവസം മാത്രമാണ്

താമസിച്ചത്. മുൻശി അബ്ദുൽ ഗഫൂർ സാഹിബ് കാരണം വേഗം തിരിച്ചുപോകേണ്ടതായി വന്നു. അദ്ദേഹം പേടിച്ചു പേടിച്ചു കൊണ്ടാണ് പോയിരുന്നത്. ഖാദിയാനിലേക്കാണ് പോയത് എന്ന് ജനങ്ങൾ അറിഞ്ഞാൽ കുഴപ്പമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് ആരെയും പേടിയില്ലായിരുന്നു. എനിക്ക് ഹുസൂറുമായുള്ള ആദ്യ മുലാഖാത്ത് ഓർമ്മവരുമ്പോൾ വളരെയധികം ദുഃഖവും വിഷമവും തോന്നാറുണ്ട്. എന്തുകൊണ്ട് വേഗം തിരിച്ചുവന്നു എന്ന് ചിന്തിച്ചു പോകുന്നു.

ജനങ്ങൾക്ക് ഞാൻ അഹ്മദിയായ വിവരം ലഭിച്ചു. എന്നെയും ബുദ്ധിമുട്ടിപ്പിച്ചു. വെള്ളംപ്പോലും തടഞ്ഞു. കടക്കാരോടുപോലും ഒരു ഇടപാടും നടത്താൻ അനുവദിച്ചില്ല. പാചകക്കാരനെയും തടഞ്ഞു. അങ്ങിനെ ദിവസങ്ങൾ പട്ടിണി കിടക്കേണ്ട അവസരം വരെ എത്തി. എന്നാൽ കാലിടറാതെ അല്ലാഹു എന്നെ നിലനിർത്തി എന്നതിന് അവനെ സ്തുതിക്കുന്നു. അൽഹംദുലില്ലാഹി അലാദാലിക്

ഹദ്റത്ത് ഗുലാം മുഹമ്മദ് സാഹിബ് വിവരിക്കുന്നു. ഞാൻ ഇരിക്കുന്ന ഒരു സദസ്സിൽ എന്റെ പിതാവ് പറഞ്ഞു, ലക്ഷണങ്ങളിൽ നിന്നും മനസ്സിലാകുന്നത് ഇമാം മഹ്ദി പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നാണ്. അതല്ലെങ്കിൽ പ്രത്യക്ഷപ്പെടാനിരിക്കുന്നു. അദ്ദേഹം പ്രത്യക്ഷപ്പെട്ടാൽ ഉടനെ അദ്ദേഹത്തെ സ്വീകരിക്കണം. നിഷേധം ഈ ലോകത്ത് വെച്ചുതന്നെ നാശം വിളിച്ചുവരുത്തും. ആഖിറത്തിലും പര്യവസാനം നന്നായിരിക്കില്ല. അവിടെ കൂടിയിരുന്നവർക്ക് ഈ ഉപദേശം പലവുരു കേൾപ്പിച്ചു. എന്നിട്ട് പറഞ്ഞു. അദ്ദേഹത്തിന്റെ കാലം എന്റെ ജീവിതത്തിൽ വന്നാൽ ഞാൻ ഒന്നാമതായി വിശ്വസിക്കുന്നതാണ്. എന്നാൽ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) വാദം ഉന്നയിക്കുന്നതിനു മുമ്പേ വഫാത്തായി. അതിനു ശേഷമാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാദം ഉന്നയിച്ചത്.

എന്റെ സഹോദരീ പുത്രൻ ബൈഅത്ത് ചെയ്തു. ഞാൻ അവനെ ശക്തമായി എതിർത്തു. ഞാൻ പറഞ്ഞു, മഹദി ഇമാം സയ്യിദ് കുടുംബത്തിൽ നിന്നാണ് വരിക. പൊതുവിൽ ജനങ്ങൾ പറയുന്ന അടയാളങ്ങളും ഞാൻ പറഞ്ഞു. എന്നിട്ട് പറഞ്ഞു, നീ മിർസയെയാണ് ബൈഅത്ത് ചെയ്തു വന്നത്. അപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു, ഇപ്പോൾ നിങ്ങൾ ബൈഅത്ത് ചെയ്യുന്നില്ലെങ്കിൽ പിന്നീട് പരിതപിക്കേണ്ടിവരും. ഒരു പ്രാവശ്യം പോയി അദ്ദേഹത്തെ ഒന്ന് കാണുക. എന്നെ നിർബന്ധിച്ചപ്പോൾ ഇദ്ദേഹം സത്യവാനായിരിക്കുമോ എന്ന സന്ദേഹത്തോടെ ഖാദിയാനിലേക്ക് പുറപ്പെട്ടു. ഖാദിയാനിൽ പോയി ഹദ്റത്ത് സാഹിബിനോട് നേരിട്ട് ചോദിക്കണം, തൃപ്തിയായാൽ ബൈഅത്ത് ചെയ്യുന്നതാണ് എന്ന് മനസ്സിൽ കരുതി.

ഞാൻ ഹദ്റത്ത് സാഹിബിന്റെ അടുത്ത് ചെന്നു. മുഹമ്മദ് ഹുസൈൻ ഉബ്ലുവാലെ എന്നെ പരിചയപ്പെടുത്തി കൊടുത്തു. ഹുസൂറിന്റെ അടുത്ത് ഞാൻ ചെന്നപ്പോൾ ഹുസൂർ മസ്ജിദ് മുബാറക്കിൽ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബുമായി സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ആ നാളിൽ മസ്ജിദ് വളരെ ചെറുതായിരുന്നു. ഒരു സ്വഫിൽ ആറു പേർക്കാണ് നിൽക്കാൻ കഴിയുന്നത്. ഞാനും ഹദ്റത്ത് മസീഹ് മൗഊദിന്റെ അടുത്തിരുന്നു. കാൽ തടവികൊടുക്കാൻ തുടങ്ങി. ഞാൻ ചോദിച്ചു; ഇമാം മഹ്ദിയെക്കുറിച്ച് ഉലമാക്കൾ പറഞ്ഞുകേട്ടത് ഖുറാ എന്നപട്ടണത്തിലെ മിനാരത്തിൽ ഈസാ നബി ഇറങ്ങുമെന്നും സയ്യിദ് കുടുംബത്തിൽ പിറന്ന ഇമാം മഹ്ദി അദ്ദേഹത്തെ താഴെവെച്ച് കണ്ടുമുട്ടുമെന്നുമാണ്. താങ്കൾ മുഗൾ കുടുംബത്തിലാണ് ജനിച്ചത്. താങ്കൾ എങ്ങിനെ ഇമാം മഹ്ദിയാകും? എനിക്ക് കാര്യം മനസ്സിലാക്കിതന്നാൽ മതി ഞാൻ ബൈഅത്ത്ചെയ്യാം. ആ സമയത്ത് എന്റെ പുറം തടവികൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഫ്തി സാഹിബിനോടും ഹദ്റത്ത് മുഹമ്മദ് ഹുസൈൻ സാഹിബിനോടും പറഞ്ഞു. ഇദ്ദേഹത്തിന് മനസ്സിലാക്കി കൊടുക്കുക. മൗലവി സാഹിബ് എന്നെകൂട്ടി പ്രസ്സിലേക്ക് പോയി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിതന്നു. എന്നിട്ട് ഞാൻ മൗലവി സാഹിബിനോട് പറഞ്ഞു, ഉടനെ എന്നെ ബൈഅത്ത് ചെയ്യിപ്പിച്ചു തരിക. ളുഹർ സമയമായിരുന്നു. ഹദ്റത്ത് സാഹിബ് പറഞ്ഞു. ഇനിയും കാര്യങ്ങൾ മനസ്സിലാക്കുക. ഹുസൂർ എന്റെയും ധരംകോട് നിവാസിയായ ഒരു സിക്കുകാരന്റെയും ബൈഅത്ത് വാങ്ങി.

അപ്പോൾ ഞാൻ ഹദ്റത്ത് സാഹിബിനോട് ചോദിച്ചു. എന്റെ മകൾ വിവാഹ പ്രായമെത്തിയിരിക്കുകയാണ്. അവളുടെ നിശ്ചയം എന്റെ സഹോദരിയുടെ പുത്രനുമായി കഴിഞ്ഞതാണ്. (ഇവിടെ ഒരു മസ്അലക്കും പരിഹാരം നിർദ്ദേശിച്ചിരിക്കുന്നു.) അവർ അനഹ്മദികളാണ്. ഞാനിനി എന്തുചെയ്യും. ഹുസൂർ പറഞ്ഞു, പരിശുദ്ധമായ ഒരു വസ്തുവിന്റെ കഷണം അന്യർക്ക് നൽകുക എന്നത് നന്നല്ല. അവർ എന്റെ എതിരാളികളാണ്. അതിൽ നിന്നുണ്ടാകുന്ന മക്കളും എന്റെ എതിരാളികളായിരിക്കും. ഞാൻ പറഞ്ഞു നിശ്ചയം കഴിഞ്ഞിട്ട് 18 വർഷമായി, ഇനി എന്തുചെയ്യും. ഹുസൂർ പറഞ്ഞു: എനിക്ക് പറയാനുള്ളത് ഞാൻ പറഞ്ഞു കഴിഞ്ഞു. ഇനി നിങ്ങളുടെ ഇഷ്ടം. അപ്പോൾ തന്നെ ഹുസൂർ പറഞ്ഞു: ഇനി നിങ്ങൾക്ക് മറ്റുള്ളവരുടെ പിന്നിൽ നമസ്കരിക്കാനും പറ്റില്ല.

അതിനു ശേഷം ഞാൻ വീട്ടിൽ വന്നു. അടുത്തദിവസം തന്നെ എന്റെ കുടുംബത്തേയും കൂട്ടി ഭാര്യവീട്ടിൽപോയി. ഒറ്റക്ക് നമസ്ക്കരിക്കാൻ തുടങ്ങി. ജനങ്ങൾ ചോദിച്ചു. ഇയാളെന്താ മിർസായി ആയിട്ടുണ്ടോ? അപ്പോൾ ഞാൻ പറഞ്ഞു ഞാൻ അഹ്മദി ആയിക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ എന്റെ ഭാര്യാപിതാവ് എന്നോട് പറഞ്ഞു. ചില ആലിമീങ്ങൾ ലാഹോറിൽ നിന്ന് ഇവിടെ വന്നിട്ടുണ്ട്. അവർ പറയുന്നത് എന്റെ മകളുടെ നിക്കാഹ് ഫസഖ് ആയിഎന്നാണ്. അപ്പോൾ എന്റെ ഭാര്യാപിതാവ് അവരോട് പറഞ്ഞു. എന്റെ മകളുടെ നിക്കാഹ് എങ്ങിനെ ഫസഖ് ആകാനാണ്. നിങ്ങളുടെ മകളുടേത് അങ്ങനെ ആകട്ടെ. ഈ കുട്ടി നല്ലവനാണ്. മുസ്ലീങ്ങളിൽ പല വിഭാഗങ്ങളുമുണ്ട്. എല്ലാവരും തിരുനബിയെ അംഗീകരിക്കുന്നു.

അതിനു ശേഷം അദ്ദേഹം എന്നെ വീട്ടിൽ കൊണ്ട്പോയി. ജനങ്ങൾ എന്നെ അക്രമിക്കാതിരിക്കാനാണ് ഇത് ചെയ്തത്. എന്റെ അളിയന്മാർ എന്നെ വളരെയധികം എതിർത്തു. വല്ല അതിക്രമവും ഇല്ലാതിരിക്കുന്നതിന്നായി എന്റെ ഭാര്യയോട് ഞാൻ പറഞ്ഞു. എന്നെ നീ തിരക്കേണ്ടതില്ല. ഞാൻ എന്റെ നാട്ടിലേക്ക് പോവുകയാണ്. എന്റെ ഭാര്യപിതാവ് അറിഞ്ഞപ്പോൾ ഒരാളെ അയച്ച് എന്നെ വിളിപ്പിച്ചു. എന്റെ ഭാര്യ പറഞ്ഞു: നിങ്ങൾ എന്തിനാണ് പോയത്. ഞാൻ പറഞ്ഞു ഫിത്ന ഉണ്ടാകേണ്ട എന്നു വിചാരിച്ചാണ് പോയത്. അപ്പോൾ എന്റെ ഭാര്യ സഹോദരന്മാരോട് പറഞ്ഞു. അഹ്മദിയ്യത്തിനെക്കുറിച്ചാണ് പ്രശ്നമെങ്കിൽ ഞാൻ ആദ്യം അഹ്മദിയാണ്. ഭർത്താവ് പിന്നീടാണ് അഹ്മദിയായത്. നിങ്ങൾ എന്നെ സഹായിക്കുന്നുണ്ട്. അത് എനിക്ക് പ്രശ്നമല്ല. റിസ്ഖ് അല്ലാഹുവാണ് നൽക്കുക. ഇദ്ദേഹത്തോടൊപ്പം ഞാനും പോകും. അല്ലാഹുവാണ് എന്റെ റാസിഖ്. അങ്ങിനെ അവൾ എന്റെ കൂടെ പോന്നു.

അവളെ പിതാവ് ഉടനെ പിടിച്ചു. എന്നിട്ട് പറഞ്ഞു: ഞാൻ ജീവിച്ചിരിക്കുന്നകാലം വരെ ഞാൻ തരുന്നതാണ്. ഇനി സഹോദരന്മാരോട് വാങ്ങേ ണ്ട കാലം വന്നാൽ നിങ്ങൾ തമ്മിലായി. അത് ഞാനറിയില്ല. തുടർന്ന് രണ്ട് കഴുതപ്പുറത്ത് ധാന്യങ്ങൾ നിറച്ചു. വസ്ത്രങ്ങളും മറ്റും നൽകി. ഞങ്ങളെ നാട്ടിൽ എത്തിച്ചു. എനിക്ക് രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു.

അനഹ്മദികൾക്ക് നിക്കാഹ് ചെയ്ത് കൊടുക്കുന്നത് ശരിയല്ല എന്ന് ഏതൊരു പെൺകുട്ടിയെക്കുറിച്ചാണോ ഹദ്റത്ത് സാഹിബ് പറഞ്ഞത് വന്നരാത്രി തന്നെ ഞാൻ എല്ലാ കാര്യങ്ങളും തീരുമാനിച്ച് എന്റെ ഗ്രാമത്തിലെ സുൽത്താൻ അലി സെക്രട്ടറിയോട് അവളുടെ വിവാഹം നടത്തി. എന്റെ സഹോദരി പ്രയാസപ്പെടുത്തുമോ എന്ന് എന്റെ ഭാര്യ ഭയപ്പെട്ടിരുന്നു. എന്നാൽ ഹുസൂറിന്റെ ഇംഗിതം ഇതാണെന്നറിയിച്ചപ്പോൾ സമ്മതം മൂളി. അങ്ങിനെ അഹ്മദീ വീട്ടിൽ തന്നെ വിവാഹം നടക്കുകയും ചെയ്തു. രാവിലെ ആയപ്പോൾതന്നെ ജനങ്ങൾ പറഞ്ഞുതുടങ്ങി. ഗുലാം മുഹമ്മദ് അവിശ്വാസിയായി കഴിഞ്ഞിരിക്കുന്നു. അനഹ്മദിയായ എന്റെ കുടുംബക്കാർ എന്നെ വളരെയധികം ബുദ്ധിമുട്ടിപ്പിച്ചു. പല പ്രയാസങ്ങളും എനിക്ക് നൽകി. എന്നെ ക്രൂരമായി മർദ്ദിക്കുകയുണ്ടായി.

ഹദ്റത്ത് ഹാഫിസ് നാസിം ബഖ്ശ് സാഹിബ് പറയുന്നു: എന്റെ മൂത്തമകൻ അബ്ദുറഹ്മാൻ തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂൾ ഖാദിയാനിൽ 7-ാം ക്ലാസിൽ പഠിക്കുകയായിരുന്നു. ആ കുട്ടി 1907 ൽ സ്കൂളിൽ വെച്ചുതന്നെ വഫാത്താകുകയുണ്ടായി. അവന്റെ കഠിനമായ രോഗം കേട്ട് ഞാൻ അവിടെയെത്തി. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ചികിത്സിക്കുന്നുണ്ടായിരുന്നു. ഞാൻ ഹദ്റത്ത് സാഹിബിന്റെ അടുത്ത് ചെന്നു. ഹുസൂർ തന്റെ പക്കൽ നിന്ന് കുറച്ച് ഗുളിക നൽകി. ഇത് പാലിൽ അലിയിച്ചിട്ട് കൊടുക്കാൻ പറഞ്ഞു. ഈ ഗുളിക നൽകുന്നതിനു മുമ്പേ വഫാത്തായി. ജനാസ ഫൈസുല്ല ചെക്കിലേക്ക് കൊണ്ടുപോകാനുള്ള അനുവാദം ചോദിച്ചു. അനുവാദം ലഭിച്ചു.

അടുത്ത ജുമുആയിൽ ഞാൻ ഖാദിയാനിൽ ചെന്നപ്പോൾ എന്നെ ദൂരത്ത് നിന്ന് കണ്ട് ഹുസൂർ പറഞ്ഞു. മിയാൻ നബി ബഖ്ശ് വരൂ. അപ്പോൾ വലിയ വലിയ ആളുകൾ ഹുസൂറിന്റെ അടുത്ത് ഇരിക്കുന്നുണ്ടായിരുന്നു. എന്നാൽ ഈ വിനീതനെ ഹുസൂർ തന്റെ വലത് ഭാഗത്ത് ഇരുത്തി. പറഞ്ഞു, നബിബഖ്ശ്! താങ്കൾ വളരെയധികം ക്ഷമ കൈകൊണ്ടിരിക്കുന്നു എന്നു തോന്നുന്നു. എന്റെ പുറം തലോടികൊണ്ട് പറഞ്ഞു, നാം താങ്കൾക്കായി കുറേ ദുആ ചെയ്തിട്ടുണ്ട്, ചെയ്യുന്നതുമാണ്. അല്ലാഹു ഇതിന് പകരം നൽകുന്നതാണ്. പിന്നീട് അദ്ദേഹത്തിന് മക്കൾ ഉണ്ടായി.

ഹദ്റത്ത് ഡോക്ടർ മുഹമ്മദ് തുഫേൽ ഖാൻ സാഹിബ് (റ) വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ആരെല്ലാം നിന്ദിക്കാനും അവഹേളിക്കാനും ശ്രമിച്ചിട്ടുണ്ടോ, അവരെല്ലാം ശിക്ഷക്ക് വിധേയരാവുകയുണ്ടായി. ഗൗസ് മുഹമ്മദ് സാഹിബ് ഭേര എന്ന മൗലവി ബട്ടാലയിലെ സ്കൂളിൽ അറബി ടീച്ചറായിരുന്നു. മുസ്ലിം സ്റ്റാഫിന്റെ മുമ്പിൽ ഒരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ വളരെ മോശമായ പദപ്രയോഗം അയാൾ നടത്തുകയുണ്ടായി. ഇത് എന്നെ വളരെയധികം വിഷമിപ്പിച്ചു. ഞാൻ ഈ കാരണങ്ങളെക്കുറിച്ച് പരാതിപ്പെടാൻ ഹെഡ്മാസ്റ്ററുടെ അടുത്ത് ചെന്നു. അവിടെ എത്തിയപ്പോൾ മിന്നർ പിണർ പോലെ എന്റെ മനസ്സിൽ വന്നത് ഹെഡ്മാസ്റ്റർ ക്രൃസ്ത്യാനിയാണ്. മതപരമായി അദ്ദേഹത്തിന് എന്നോട് ഒരു സഹതാപവും ഉണ്ടാവുകയില്ല. മറ്റുള്ളവരോട് കൂടുതൽ അടുപ്പമാണ്. കാരണം അവർ ഇദ്ദേഹത്തിന്റെ മതവിശ്വാസത്തിന് ഒരു വെല്ലുവിളിയും അല്ല. അതുകൊണ്ട് തെറ്റ് എന്റെതാണെന്ന് മാത്രമേ പറയൂ. അതുകൊണ്ട് ഞാൻ പിൻവാങ്ങി.

ആ സമയം ഞാൻ ദുആ ചെയ്തു. അല്ലാഹുവേ! ഈ വ്യക്തി നിന്റെ പ്രിയപ്പെട്ട വ്യക്തിയെ കുറിച്ച് വളരെ നിന്ദമായ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. ഒരു പക്ഷെ അറിവില്ലായ്മകൊണ്ടോ, അജ്ഞത കാരണമായോ അയാളുടെ നാവിൽ നിന്നും വന്നതുമാകാം. യാഥാർത്ഥ്യം അറിഞ്ഞാൽ ഒരുപക്ഷെ പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്തേക്കാം. അതുകൊണ്ട് അല്ലാഹുവേ നീ അയാൾക്ക് ഒരടയാളം കാണിക്കേണമേ. അത് പാഠമുൾകൊള്ളുന്നതായിരിക്കണം. അതോടൊപ്പം ഒരു ശിക്ഷയും ഉണ്ടാകാതിരിക്കുകയും ചെയ്യട്ടെ.

തുടർന്ന് അല്ലാഹു അയാൾക്ക് കാണിച്ച അടയാളം ഇതായിരുന്നു. ട്രെയിനിൽ യാത്ര ചെയ്യവെ അദ്ദേഹത്തിന്റെ രണ്ട്, രണ്ടരമാസം പ്രായമുള്ളകുട്ടി അമ്മയുടെ കയ്യിൽ നിന്നും പല പ്രവശ്യം വീഴുകയും എന്നാൽ പരിക്കുപറ്റാതെ രക്ഷപ്പെടുകയും ചെയ്തു.

യാത്രയിൽ നിന്ന് തിരിച്ചുവന്നപ്പോൾ ഈ സംഭവം അയാൾ പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു: അന്ന് നടന്ന സംഭവത്തിന് ശേഷം ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തിരുന്നു. നിങ്ങൾക്ക് അപകടമില്ലാത്ത രീതിയിലുള്ള അടയാളം കാണിച്ചുതരാനായി ഞാൻ ദുആ ചെയ്തിരുന്നു. ഇതി ന്റെ അടിസ്ഥാനത്തിൽ അല്ലാഹു നിങ്ങൾക്ക് അടയാളം കാണിച്ചുതന്നു. എന്നാൽ ഇതിനെ മാനിക്കാതെ അഹങ്കാരത്തിൽ അയാൾ മറുപടി പറഞ്ഞത് ഇപ്രകാരമാണ്. ഇതെല്ലാം യാദൃശ്ചികം മാത്രം. ഞാൻ അടയാളങ്ങളെയൊന്നും അംഗീകരിക്കുന്നില്ല.

ഈ അടയാളം കൊണ്ട് ഫലമെടുക്കാത്തതു കാരണം അല്ലാഹു അയാളെ വീണ്ടും പിടികൂടി. പെട്ടെന്ന് പനിപിടിച്ചു. ഈ പനി മരണത്തിനു കാരണമായി. മരണത്തിന് മുമ്പേ ഈ ശിക്ഷ തന്റെ മോശമായ സംസാരം കാരണമാണ് ലഭിച്ചത് എന്ന് അയാൾക്ക് ബോധ്യപ്പെട്ടിരുന്നു. അതു കാരണം വളരെ അപകടകരമായ അവസ്ഥയിൽ എത്തിയപ്പോൾ എന്നെ പലവുരു വിളിപ്പിച്ചു. ഞാൻ ചെന്നപ്പോൾ പറഞ്ഞു. എന്നെക്കുറിച്ചുള്ള പരാതി താങ്കൾ ചെയ്തു കഴിഞ്ഞു. എന്നോട് പരാതിപ്പെടില്ല എന്നാണ് പറഞ്ഞിരുന്നത്. എന്റെ തെറ്റ് എനിക്ക് മനസ്സിലായി. നിങ്ങൾ തന്നെയാണ് സത്യവാനെന്നും ഞാൻ കളവാണ് പറഞ്ഞതെന്നും ബോധ്യമായി കഴിഞ്ഞിരിക്കുന്നു. (മരണ സമയത്തെങ്കിലും അവർ ഈ മാന്യത ചെയ്തു കാണിച്ചു.)

ഹദ്റത്ത് ഹാഫിസ് മുബാറക്ക് അഹ്മദ് സാഹിബ് ലക്ച്ചർ ജാമിഅ അഹ്മദിയ്യ ഖാദിയാൻ ഹദ്റത്ത് ഹാഫിസ് റോഷൻ അലി സാഹിബിന്റെ വാക്കുകളിൽ രിവായത്ത് ചെയ്യുന്നു. മൗലവി ഖാൻ മലക്ക് സാഹിബ് പഞ്ചാബിൽ മാത്രമല്ല ഇന്ത്യയിൽ മുഴുവനും അറിയപ്പെടുന്ന ഒരാളായിരുന്നു. പല പണ്ഢിതരും തന്നെ അദ്ദേഹത്തിന്റെ ശിഷ്യരായിരുന്നു. ഇത്രമാത്രം പ്രസിദ്ധി ഉണ്ടായിരുന്നിട്ടും വളരെ വിനീതനും സാധാരണക്കാരനും സൂഫിയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് എതിരിൽ ഒരുവിധ മോശമായ വാക്കും കേൾക്കുന്നത് ഇഷ്ടമല്ലായിരുന്നു.

ഒരു ദിവസം ജലാൽപൂർ ശരീഫായിലെ മുസഫർ സാഹിബ് തന്റെ മക്കളെ പഠിപ്പിക്കാനായി അദ്ദേഹത്തെ വിളിപ്പിച്ചു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് വളരെ മോശമായ ഒരു കാര്യം

അദ്ദേഹം പറഞ്ഞു. ഇതു കേട്ടപ്പോൾ പറഞ്ഞു. ഞാൻ താങ്കളുടെ കുട്ടികളെ പഠിപ്പിക്കാൻ തയ്യാറല്ല.

ഹദ്റത്ത് മുൻശി ഇമാമുദ്ദീൻ സാഹിബ്(റ) വിവരിക്കുന്നു. ഒരിക്കൽ മിർസാ നിസാമുദ്ദീനും മിർസാ ഇമാമുദ്ദീനും മസ്ജിദ് മുബാറക്കിന് താഴെ മതിൽകെട്ടി വഴി അടച്ചു. അഹ്മദികൾക്ക് ഇതുകാരണം വലിയ പ്രയാ സം നേരിട്ടു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) കോടതിയിൽ കേസ് കൊടുക്കാൻ പറഞ്ഞു.

ഈ സമയത്ത് എന്നോടും മുൻശി അബ്ദുൽ അസീസ് സാഹിബിനോടും പറഞ്ഞു. ഈ മതിൽ കെട്ടുന്നതിന് മുമ്പേ ഇതിലൂടെ നടന്നുപോയിരുന്ന നിങ്ങളുടെ നാട്ടിലെ ഉന്നത വ്യക്തികളുടെ സാക്ഷ്യം നിങ്ങൾ സ്വീകരിക്കുക. ഞാൻ ഫഖീർ നസർദാർ ലൊഹ്ചക്നെ ഖാദിയാനിൽ കൊണ്ടുവന്നു. ഇവിടെയാണ് അന്വേഷക സംഘം വരുന്നത്. അദ്ദേഹം പറഞ്ഞു: ഇവിടെ ഞങ്ങൾ മുമ്പ് വന്നിട്ടുണ്ട്. ഈ വഴിയിലൂടെ ഞങ്ങൾ നടന്നുപോയിട്ടുണ്ട്. ചിലപ്പോൾ കുതിരപ്പുറത്ത് കയറിയാണ് യാത്രചെയ്തിരുന്നത്. മിർസാ നിസാമുദ്ദീൻ ഈ സാക്ഷ്യം നൽകുന്നതിന് മുമ്പ് ചോദിച്ചു. താങ്കൾ സാക്ഷ്യം പറയാനാണോ വന്നത്. ഫഖീർ നമ്പർദാർ പറഞ്ഞു, അതേ. അപ്പോൾ മിർസാ നിസാമുദ്ദീൻ അദ്ദേഹത്തോട് കയർത്തു സംസാരിച്ചു. അപ്പോൾ വക്കീൽ സാഹിബ് പറഞ്ഞു: മിർസാ സാഹിബ്, താങ്കളദ്ദേഹത്തെ ചീത്തപറഞ്ഞാൽ ഞങ്ങളുടെ പ്രദേശത്ത് വേട്ടയാടാൻ വരുമ്പോൾ ഇതിനേക്കാളും മോശമായി ഞങ്ങൾ നിങ്ങളോട് പെരുമാറും. ഇതു കേണ്ടപ്പോൾ അയാൾ മിണ്ടാതിരുന്നു. ഇതിനു ശേഷം എനിക്ക് മുമ്പേ പരിചയമുണ്ടായിരുന്ന മിർസാ നിസാമുദ്ദീൻ എന്നോട് പിണങ്ങി ഒരു വർഷം വരെ മിണ്ടാതിരുന്നു.

ഒരു വർഷത്തിനു ശേഷം ഞാൻ ഗുരുദാസ്പൂറിൽ പോയതായിരുന്നു. കോടതിക്ക് പുറത്ത് ഹർജി എഴുതുന്ന ആളുടെ അടുത്ത് ഇരിക്കുകയായിരുന്നു. അവിടെ മിർസാ നിസാമുദ്ദീനും വന്നു. ചോദിച്ചു, മുൻശി സാഹിബ് എന്നോട് എന്താണ് പിണങ്ങിയിരിക്കുന്നത്. മിണ്ടാത്തതെന്തെ? ഞാൻ പറഞ്ഞു, താങ്കളോട് സംസാരിക്കുമ്പോൾ ഞങ്ങളുടെ ജമാഅത്തിനെക്കുറിച്ച് മോശമായി താങ്കൾ സംസാരിച്ചാൽ എനിക്ക് അതുകൊണ്ട് വിഷമമുണ്ടാകും. പറഞ്ഞു, ഞാൻ അദ്ദേഹത്തെ ഭക്തനായാണ് കാണുന്നത്. അദ്ദേഹം മുഖേന എനിക്ക് എത്രയോ പ്രയോജനം ഉണ്ടായിട്ടുണ്ട്. ഞാൻ എന്റെ തോട്ടത്തിലെ വിറക് 1000 കണക്കിന് രൂപക്ക് വിറ്റു. പച്ചക്കറികൾ കൊണ്ട് ആയിരക്കണക്കിന് രൂപയുടെ വരുമാനവുമുണ്ടായിട്ടുണ്ട്. എനിക്കിപ്പോൾ ഇഷ്ടംപോലെ വരുമാനമുണ്ട്. ഞാൻ പറഞ്ഞു. ഇതാണ് നിങ്ങളുടെ നിലപാടെങ്കിൽ നിങ്ങളുമായി സുൽഹ് ചെയ്യാം.

ഖലീഫാ നൂറുദ്ദീൻ സാഹിബ് പറയുന്നു. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി അഹ്മദിയത്തിന് എത്രയോ മുമ്പ് എന്റെ സുഹൃത്താണ്. ഒരിക്കൾ അദ്ദേഹം ചീനിയാം മസ്ജിദിൽ നമസ്കരിപ്പിക്കുകയായിരുന്നു. ഞാൻ മസ്ജിദിൽ പ്രവേശിച്ചു. എന്നിട്ട് ഒറ്റക്ക് നമസ്ക്കരിച്ചു. മൗലവി സാഹിബ് നമസ്ക്കാരത്തിൽ നിന്നും വിരമിച്ചപ്പോൾ ഞാൻ നമസ്കരിക്കുന്നതായി കണ്ടു. അദ്ദേഹം മനസ്സിലാക്കിയത് അദ്ദേഹത്തിനെ തുടർന്നുകൊണ്ട് ഞാൻ നമസ്കരിച്ചു എന്നാണ്. വളരെയധികം സന്തോഷിച്ചു. ഞാൻ ചോദിച്ചു. മൗലവി സാഹിബ്! മഗ്രിബിലേക്ക് തിരിഞ്ഞു നമസ്ക്കരിക്കുന്നവരെല്ലാം താങ്കളെ തുടർന്നു നമസ്കരിക്കുകയാണെന്നാണോ താങ്കൾ കരുതുന്നത്. അനഹ്മദികളുടെ പിന്നിൽ നമസ്കരിക്കുന്നത് പോകട്ടെ ഏതെങ്കിലും അനഹ്മദി എന്നെ തുടരുന്നത് പോലും എനിക്കിഷ്ടമില്ല. മൗലവി ഇതു കേട്ട് അത്ഭുതപ്പെട്ടുപോയി. പറഞ്ഞു, മറ്റു അഹ്മദികൾ ഇങ്ങനെ വിശ്വസിക്കുന്നില്ലല്ലോ? അവർ ആരും തന്നെ അനഹ്മദികൾ അവരുടെ പിന്നിൽ നമസ്കരിക്കുന്നതിനെ തടയുന്നില്ല. ഞാൻ പറഞ്ഞു, മൗലവി സാഹിബ് അല്ലാഹു പറയുന്നു. (ഇത് ഓരോരുത്തരുടെയും രീതിയാണ്)

مَا كَانَ لِلنَّبِيِّ وَالَّذِينَ آمَنُوا أَنْ يَسْتَغْفِرُوا لِلْمُشْرِكِينَ وَلَوْ كَانُوا أُولِي قُرْبَىٰ مِنْ بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَابُ الْجَحِيمِ ﴿١١٣﴾ (9:113)

പ്രവാചകനും വിശ്വാസികൾക്കും മുശ്രിക്കീങ്ങൾക്കായി പാപമോചനത്തിന്നായി അർത്ഥിക്കാൻ അനുവാദമില്ല. അവർ അവരുടെ ബന്ധുക്കളാണെങ്കിലും ശരി.

നിങ്ങളുടെ വിശ്വാസം ശിർക്കിന് കൂട്ടുനിൽക്കുന്നതല്ലെ. അതുകൊണ്ട് ഒരു ഇമാം എന്ന നിലക്ക് എന്റെ പിന്നിൽ അനഹ്മദികളുണ്ടെങ്കിൽ അവർക്ക് ഞാൻ എന്ത് ദുആ ചെയ്യാനാണ്? അല്ലാഹുവേ എനിക്കും നിന്റെ മസീഹിനെ നിഷേധിക്കുകയും ചീത്തപറയുകയും ചെയ്യുന്നവർക്കും പൊറുത്ത് കൊടുക്കേണമേ എന്നാണോ?

ഈ സംഭവം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അടുത്ത് വിവരിച്ചു. ഹുസൂർ ഇത്കേട്ട് പുഞ്ചിരിച്ചു.

മുഹമ്മദ് നദീർ ഫാറൂഖി സാഹിബ് വിവരിക്കുന്നു. പല വർഷങ്ങൾ കഴിഞ്ഞ് 1908-ൽ സ്വന്തം ഗ്രാമത്തിലും മറ്റും ഹഖീം നവാബ് അലി ഫാറൂഖിയുടെ എതിർപ്പ് ശക്തമായി. പല പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഏൽക്കേണ്ടിവന്നു. വിവരിക്കാൻ കുറേ സമയമെടുക്കും. എന്നാൽ എല്ലാ പ്രയാസങ്ങളിലും അദ്ദേഹം സ്ഥിരചിത്തത പ്രകടിപ്പിച്ചു. തന്റെ വ്യക്തിത്വത്തെ നശിപ്പിക്കാൻ ഒരിക്കലും അനുവദിച്ചില്ല. അതിന്റെ പകരമായി അല്ലാഹുതആല ഹകീം സാഹിബിന്റെ സാമ്പത്തികനില മുമ്പത്തെക്കാൾ എത്രയോ മെച്ചപ്പെടുത്തികൊടുത്തു. അദ്ദേഹം എപ്പോഴും അല്ലാഹുവിന് നന്ദി രേഖപ്പെടുത്തികൊണ്ടിരിക്കുമായിരുന്നു.

ശൈഖ് സൈനുൽ ആബിദീൻ സാഹിബ്(റ) വിവരിക്കുന്നു. ഞാൻ കൗമാരപ്രായത്തിൽ ഹദ്റത്ത് സാഹിബിന്റെ അടുത്ത് ഖാദിയാനിൽ വന്നു. ഹുസൂർ പറഞ്ഞു, മിയാൻ സൈനുൽ ആബിദീൻ നിങ്ങളുടെ വിവാഹത്തിനുള്ള വല്ല ആലോചനയും നടന്നിണ്ടുണ്ടോ? ഞാൻ പറഞ്ഞു, ആലോചന നടന്നിരുന്നു. അഹ്മദിയ്യത്തിലേക്ക് ഞാൻ ചാഞ്ഞപ്പോൾ അത് ഇല്ലാതായി. പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. നീ ഇതു വരെ ബൈഅത്ത് ചെയ്തിട്ടില്ലല്ലോ? എന്നിട്ടും അഹ്മദിയ്യത്തിന്റെ പേരിൽ ഈ ബന്ധം മുറിയാൻ കാരണമെന്ത്? ഞാൻ പറഞ്ഞു, ഹുസൂർ അവർ പറയുന്നത് മിർസാ സാഹിബ് കാഫിറാണെന്ന് പറയണമെന്നാണ്. ഇത് എനിക്ക് പറയാൻ കഴിയില്ല. ഞാൻ പറഞ്ഞു ഒരുപെണ്ണല്ല പത്ത് പെണ്ണുങ്ങളെ തന്നാലും ഞാൻ മിർസാ സാഹിബിനെ സത്യവാനാണെന്നേ പറയൂ. ഹുസൂർ പറഞ്ഞു: അല്ലാഹു നല്ലതാണ് ചെയ്യുക.

അല്ലാഹുതആല ഈ സഹാബാക്കളുടെ പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ മക്കളിലും ക്ഷമയും സ്ഥിരചിത്തതയും ദൃഢതയും പ്രദാനം ചെയ്യട്ടെ. ഖിലാഫത്തുമായി ഇവർക്ക് സുദൃഢബന്ധം നിലനിൽക്കട്ടെ.

ജുമുആക്ക് ശേഷം ഒന്ന് രണ്ട് ജനാസ നമസ്കരിക്കുന്നതാണ്. ഒന്ന് ഹാളിറാണ്. അമത്തുൽ ഹഫീസ് ഖാനം സാഹിബയുടേതാണ്. ശംസുൽഹഖ് സാഹിബിന്റെ ഭാര്യയാണ് ഇവർ. ഇവിടെ വന്നിട്ട് കുറച്ചുകാ

ലമായി. താമസിക്കാനുള്ള എല്ലാം പാസായിരുന്നു. ഏപ്രിൽ 8 ന് വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ

ക്വായിട്ട സദർ ലജ്നയായി ഒരു ദീർഘകാലം പ്രവർത്തിച്ചു. അതിനു ശേഷം ലാഹോറിൽ വന്നു. അവിടെ ഹൽഖ സദറായി പ്രവർത്തിച്ചു. തബ്ലീഗ് ചെയ്യാൻ നല്ലതാത്പര്യമായിരുന്നു. ഇവിടെ വന്നപ്പോഴും ഈ പ്രായത്തിലും തബ്ലീഗ് ചെയ്യാൻ ഇംഗ്ലീഷ് പഠിക്കാൻ ശ്രമിച്ചു. സ്വാത്തികയും ദുആ ചെയ്യുന്നവരും നമസ്ക്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരും ഖിദ്മത്തെഖൽക്ക് ചെയ്യുന്ന മഹതിയുമായിരുന്നു. പാവങ്ങളെ പരിപാലിച്ചിരുന്നു. ഖിലാഫത്തിനോട് പ്രത്യേകമായ സ്നേഹമായിരുന്നു. ഇഖ്ലാസും കൂറും നിറഞ്ഞുനിന്നിരുന്നു. കുട്ടികളുടെ തർബിയ്യത്ത് കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഖിലാഫത്തിനെക്കുറിച്ചും ജമാഅത്തീ സംവിധാനത്തെ അനുസരക്കേണ്ടതിനെക്കുറിച്ചും എപ്പോഴും ഉപദേശിക്കുമായിരുന്നു. എട്ടിൽ ഒന്നിന്റെ വസിയ്യത്ത് ചെയ്തിരുന്നു. ഖിലാഫത്തിനോടുള്ള ബന്ധം പലർക്കും മാതൃകയായിരുന്നു. നാല് പെൺകുട്ടികളും മൂന്ന് ആൺകുട്ടികളുമാണുള്ളത്. ഇവിടെയുള്ള ഡോക്ടർ മുജീബുൽഹഖ് ഖാൻ സാഹിബിന്റെ മൂത്തസഹോദരിയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവരുടെ തർബിയ്യത്തിന്റെ ഫലമായി ഇവരുടെ മക്കളും ജമാഅത്തുമായി വളരെയധികം ബന്ധപ്പെട്ടു നിൽക്കുന്നു. അല്ലാഹു ഈ ബന്ധത്തെ വർദ്ധിപ്പിക്കട്ടെ. അവരുടെ സന്താനങ്ങളിലും ഇത് തുടർന്ന് പോകട്ടെ. മർഹൂമയുടെ ആത്മാവിന് ഇത് കുളിർമ നൽകുന്നതായി തീരട്ടെ.

ജുമുആക്ക് ശേഷം ജനാസ നമസ്കരിപ്പിക്കുന്നതാണ്. പുറത്ത് പോയി ഞാൻ നമസ്കരിപ്പിക്കും. നിങ്ങൾ ഇവിടെ സ്വഫ് ശരിയാക്കി നിൽക്കുക. രണ്ടാമത്തെ ജനാസ സയ്യിദ് മുഹമ്മദ് അഹ്മദ് സാഹിബിന്റേതാണ്. മുഹമ്മദ് അക്തർ സാഹിബ്(റ) സഹാബിയുടെ മകനായിരുന്നു. ഉമ്മ സർദാർ ബീഗം സാഹിബ ഒരു ദീർഘകാലം സ്കൂളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇവർ സഹാബിയ അല്ലെങ്കിലും ബൈഅത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് തന്നെ ചെയ്തിട്ടുണ്ട്. നേരിൽ കണ്ടില്ല. ഭർത്താവിനെക്കാളും നേരത്തെ ബൈഅത്ത് ചെയ്തിരുന്നു. മുഹമ്മദ് അൻവർ സാഹിബ് ഖലീഫത്തുൽ മസീഹ് സാനിയുടെ മകൾ മിർസാ ഖലീൽ  അഹ്മദ് സാഹിബിന്റെ മുലകുടി സഹോദരനാണ്. ഹദ്റത്ത് ഉമ്മെ ത്വാഹിറിന്റെ മകൾ സാഹിബ്സാദി അമത്തുൽ ബാസിത്ത് സാഹിബ ഇദ്ദേഹത്തിന്റെ മറ്റൊരു സഹോദരന്റെ  മുലയൂട്ടു സഹോദരിയാണ്. ഇദ്ദേഹത്തിന്റെ ഒരു മകൻ മുനവ്വർ അഹ്മദ് സാഹിബ്, സാഹിബ് സാദാ മിർസാ റഫീഅ് അഹ്മദ് സാഹിബിന്റെ മരുമകനാണ്. ഒരു മകൻ ഇവിടെ ഖൻഥോക്കിൽ ഡോക്ടറാണ്. ഡോക്ടർ സയ്യിദ് മുസഫർ അഹ്മദ് സാഹിബ്. അല്ലാഹു മർഹൂമിന്റെ പദവി ഉയർത്തുമാറാകട്ടെ. മഗ്ഫിറത്ത് നൽകട്ടെ. കുട്ടികളെയും ജമാഅത്തുമായി ബന്ധപ്പെടുത്തിനിർത്തട്ടെ. മക്കൾക്കും ദീനീ സേവനത്തിനുള്ള തൗഫീഖ് നൽകട്ടെ. ഇദ്ദേഹം 22 വർഷം ഡിഫൻസ് ലാഹോറിൽ  സദറായിട്ടുണ്ട്.  ഗസ്റ്റ്ഹൗസും മസ്ജിദും  എല്ലാം ഉൾകൊള്ളുന്ന ഒരു കോംപ്ലക്സും കഠിന പ്രയത്നത്തിലൂടെ അവിടെ സ്ഥാപിച്ചിട്ടുണ്ട്. കുറഞ്ഞ ചിലവിൽ തന്റെ മേൽനോട്ടത്തിലാണ് ഈ ജോലി നിർവ്വഹിച്ചത്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തികൊണ്ടിരിക്കട്ടെ. ഇദ്ദേഹത്തിന്റെ ജനാസ ഗായിബ് ഹാളിർ ജനാസയോടൊപ്പം അനുഷ്ഠിക്കുന്നതാണ്.

## PRINTED BOOKS

**To**

**From**

**Ahmadiyya Mission House**

**K.N.Road Karapparamba**

**Calicut -10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 April 13 at : Baitul Futuh London
Translation: M.Nasir Ahmed Kodiyathur 09497343704

Typing: Muhiyudheen,Ayirapuram
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**